M-59

"മലയാളഭാഷ മാതൃഭാഷ"

# സർക്കാർ ജനറൽ ആശുപത്രി കോഴിക്കോട്


കോഴിക്കോട് ബീച്ച് പി673032 ഓ കോഴിക്കോട്.

ഫോൺ: 2365367 0495 email : ghkozhikode@gmail.com


Dt.02-03-2026

No. GH-KKD/217/2026-S

## ദർഘാസ് പരസ്യം

കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയിലെ AMR Lab ലേക്ക് ആവശ്യമായ ലബോറട്ടറി സാധനങ്ങളും റീയേജന്റുകളും സപ്ലൈ ചെയ്യുന്നതിന് ടെൻഡർ മുഖേന ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു . കോഴിക്കോട് ഗവ. ജനറൽ ആശുപത്രിയിലെ AMR ലബോറട്ടറിയിൽ നടത്തുന്ന വിവിധ ടെസ്റ്റുകൾക്കാവശ്യമായ റീയേജന്റുകളും സാധനങ്ങളും വാങ്ങിക്കുന്നതിന് ഒരു വർഷത്തേക്കുള്ള ടെണ്ടറിൽ പങ്കെടുക്കുന്നതിനായി വിതരണക്കാരെയും സ്ഥാപനങ്ങളെയും വിതരണം ചെയ്യുന്ന നിർമാതാക്കൾ അല്ലെങ്കിൽ അവരുടെ അംഗീകൃത വിതരണക്കാർ എന്നിവരിൽ നിന്നും മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു.

| | |
|---|---|
| ടെൻഡർ ഫോറത്തിന്റെ വില | 600 +18% GST |
| ടെൻഡർ ഫോറം പകർപ്പിന്റെ വില | 300 +18% GST |
| ടെൻഡർ ഫോറം വിൽപന ആരംഭിക്കുന്ന തീയ്യതി | 03.03.2026 രാവിലെ 11 മണി |
| ടെൻഡർ ഫോറം വിൽപന അവസാനിക്കുന്ന തീയ്യതി | 16/03/2026 വൈകിട്ട് 4 മണി |
| ടെൻഡർ ഫോറം സ്വീകരിക്കുന്ന അവസാന തീയ്യതി | 17.03.2026 രാവിലെ 11 30 മണി |
| ടെൻഡർ തുറക്കുന്ന തീയ്യതി | 17.03.2026 ഉച്ചയ്ക്ക് 3 മണി |
| അടങ്കൽ തുക | 3,000,00 (3 LAKH) |
| നിരത ദ്രവ്യം | 7500 (അടങ്കൽ തുകയുടെ 2.5%) |

ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

### നിബന്ധനകൾ

1. ടെണ്ടർ ഫോറത്തിന്റെ വില eTR5 ൽ അടച്ച് അസ്സൽ രശീതിയും ടെണ്ടർ ഫോറത്തിനുള്ള അപേക്ഷയും ഹാജരാക്കുന്നവർക്ക് ഫോറങ്ങൾ നൽകുന്നതാണ്.
2. ടെൻഡർ ഫോറത്തിന്റെ വില 1000 രൂപയും 18% GST യും പകർപ്പിന്റെ വില 500 രൂപയും 18% GST യും ആയിരിക്കും.
3. ടെണ്ടറിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 3000/- രൂപ കോഴിക്കോട് മാറാവുന്ന DD ആയി കോഴിക്കോട് ഗവ ജനറൽ ആശുപത്രി സൂപ്രണ്ടിന്റെ പേരിലെടുത്ത് ടെണ്ടറിനൊപ്പം അടക്കം ചെയ്യേണ്ടതാണ്. അല്ലാത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്
4. ടെണ്ടർ ഫോറം 03.03.2026 ന് രാവിലെ 11 മണി മുതൽ വിൽപന ആരംഭിക്കുകയും 16.03.206 ന്വൈകിട്ട് 4 മണിക്ക് അവസാനിപ്പിക്കുകയും ചെയ്യുന്നതാണ്.
5. പൂർണ്ണ രൂപത്തിലുള്ള ടെണ്ടർ ഫോറം 17.03.2026 ന് രാവിലെ 11.30 വരെ സ്വീകരിക്കുന്നതാണ്. വൈകി ലഭിക്കുന്ന ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
6. 17.03.206 ന് വൈകിട്ട് 3 മണിക്ക് ടെണ്ടർ സമർപ്പിച്ചവരുടെയോ അല്ലെങ്കിൽ അവർ ചുമതലപ്പെടുത്തിയവരുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും കുറഞ്ഞ തുക രേഖപ്പെടുത്തിയ ടെണ്ടർ സ്വീകരിക്കുന്നതുമാണ്.
7. ടെണ്ടറുകൾ അടക്കം ചെയ്യുന്ന കവറിന് പുറത്ത് ആശുപത്രിയിലെ AMR Lab ലേക്ക് ആവശ്യമായ ലബോറട്ടറി

സാധനങ്ങളും റീയേജൻറുകളും സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ(No. GH-KKD/217/2026-S.) എന്ന് വ്യക്തമായി എഴുതി, ടെണ്ടർ നൽകുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരും മേൽവിലാസവും കവറിന്റെ ഇടത് ഭാഗത്ത് രേഖപ്പെടുത്തി സൂപ്രണ്ട്, ഗവ ജനറൽ ആശുപത്രി, കോഴിക്കോട് 673032 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

8. ടെണ്ടറിനൊടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി എഴുതി ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
9. ടെണ്ടർ ഉറപ്പിച്ച് കഴിഞ്ഞാൽ വിതരണ ഉത്തരവ് നൽകുമ്പോൾ വിതരണം ചെയ്യേണ്ടതാണ്.
10. ടെണ്ടർ അംഗീകരിച്ചിട്ടുള്ള സ്ഥാപനം സൂപ്രണ്ടുമായി 200 രൂപയുടെ മുദ്രപത്രത്തിൽ അവസാന ഉടമ്പടിയിൽ ഒപ്പിടേണ്ടതാണ്.
11. ദർഘാസിനൊപ്പം നൽകുന്ന ലിസ്റ്റിലെ എല്ലാ മരുന്നുകളുടെയും ഉപകരണങ്ങളുടെയും റിയേജന്റുകളുടെയും വില കഴിവളും രേഖപ്പെടുത്തേണ്ടതാണ്
12. ടെണ്ടറിനോടൊപ്പം ലൈസൻസ്, ജി എസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കണം.
13. കാരണം കാണിക്കാതെ തന്നെ ടെണ്ടർ നിരസിക്കാനും ദുർബലപ്പെടുത്താനുമുള്ള പൂർണ്ണ അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
14. ടെണ്ടറിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയത്ത് ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.
15. പുനർ ടെണ്ടറുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച എല്ലാ നിബന്ധനകളും ഈ ടെണ്ടറിനും ബാധകമാണ്.
16. ടെണ്ടർ ഉറപ്പിച്ച് കഴിഞ്ഞാൽ ആകെ തുകയുടെ 5% വരുന്ന സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ദേശസാൽകൃത ബാങ്കിൽ നിന്നും സൂപ്രണ്ടിന്റെ പേരിൽ മാറുന്ന ഡിഡി/നാഷണൽ സേവിംഗ്സ് ബാങ്ക് സർട്ടിഫിക്കറ്റ്/ പോസ്റ്റ് ഓഫീസ് സേവിംഗ്സ് ബാങ്ക് ഡെപ്പോസിറ്റ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഫൈനൽ എഗ്രിമെന്റിന്റെ കൂടെ സമർപ്പിക്കാവുന്നതാണ്.
17. ടെണ്ടർ സമർപ്പിക്കുന്ന സ്ഥാപന മേധാവിയുടെ മേൽവിലാസം തെളിയിക്കുന്നതിന് ആധാർ കാർഡ്/ ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ പാസ്പോർട്ട് കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

സൂപ്രണ്ട്

<u>പകർപ്പ്</u>

1. The Director of Public Relatioons Dept. TVM
2. The Superintendent, Govt Press ,TVM
3. The Tahsildar, Taluk Office, Calicut
4. The Superintendent, MCH Kozhikode
5. The Superintendent, IMCH, Kozhikode
6. The Superintendent, Govt. W&C Hospital, Kozhikode
7. The Secretary, Kozhikode Corporation, Kozhikode

Digitally signed by
Sachinbabu K M Dr
Date: 02-03-2026
15:42:59